നമ്പർ. സി. പി. (1) 10869/2014

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി: 06/12/2014

## സർക്കുലർ നമ്പർ 56/14

വിഷയം: സഹകരണ വകുപ്പ് - പ്രാഥമിക വായ്പാ സംഘങ്ങൾക്ക് ലീഗൽ നിരക്ക് നിശ്ചയിച്ച് സർക്കുലർ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന: സഹകരണസംഘം രജിസ്ട്രാറുടെ 34/13 നമ്പർ സർക്കുലർ

.............

പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് വായ്പാപേക്ഷകരിൽ നിന്നും വാങ്ങുന്ന ലീഗൽ ഫീസ് സംബന്ധിച്ച് 1 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 1000 രൂപയ്ക്ക് 10 രൂപാ നിരക്കിൽ മിനിമം 75 രൂപയും പരമാവധി 300 രൂപയുമായി ഭേദഗതി വരുത്തി സൂചന പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രാഥമിക വായ്പാ സംഘങ്ങളിൽ ലീഗൽ ഫീസ് നിരക്ക് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല. പല പ്രാഥമിക വായ്പാ സംഘങ്ങളും വ്യത്യസ്ത രീതിയിൽ ലീഗൽ ഫീസ് വാങ്ങുന്നതായും അന്യായമായ നിരക്കിൽ ലീഗൽ ഫീസ് ഈടാക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിൽ പ്രാഥമിക വായ്പാ സംഘങ്ങൾ പ്രമാണം പരിശോധിക്കുന്നതിന് ഈടാക്കുന്ന ലീഗൽ ഫീസ് ചുവടെ പരാമർശിച്ച പ്രകാരം നിജപ്പെടുത്തുന്നു.

വായ്പാപേക്ഷയിൻമേൽ 1 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് 1000 രൂപയ്ക്ക് 10 രൂപാ നിരക്കിൽ മിനിമം 75 രൂപയും പരമാവധി 300 രൂപയും ലീഗൽ ഫീസായി വാങ്ങാവുന്നതും, 1 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് 1000/- രൂപയ്ക്ക് 10 രൂപ നിരക്കിൽ പരമാവധി 500 രൂപ ലീഗൽ ഫീസായി വാങ്ങാവുന്നതുമാണ്. ഈ സർക്കുലർ തീയതി മുതൽ പുതുക്കിയ നിരക്ക് പ്രാബല്യത്തിൽ വരുന്നതുമാണ്.

ഒപ്പ്
സഹകരണ സംഘം രജിസ്ട്രാർ

1. എല്ലാ പ്രാഥമിക സഹകരണസംഘങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർ മുഖേന
2. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും/അസിസ്റ്റന്റ് ഡയറക്ടർമാർക്കും
5. ഈ ആഫീസിലെ എല്ലാ സെക്ഷൻ തലവൻമാർക്കും
6. എഡിറ്റർ, സഹകരണവീഥി
7. എഡിറ്റർ, സഹകരണ ജേർണൽ
8. വെബ്സൈറ്റ്
9. സ്റ്റോക്ക് ഫയൽ

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (സി. പി)